LSGD

തദ്ദേശ
സ്വയംഭരണ
വകുപ്പ്

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

ISO
9001:2015

ബഡ്ജറ്റ് 2025-26

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി



ജസ്റ്റിൻ ബേബി
പ്രസിഡന്റ്



ജയഭാരതി എ.കെ
വൈസ് പ്രസിഡന്റ്



കെ.വി. വിജോൾ
ചെയർമാൻ
വികസനകാര്യം



സൽമ മോയിൻ
ചെയർപേഴ്സൺ
ക്ഷേമകാര്യം



പി. കല്യാണി
ചെയർപേഴ്സൺ
ആരോഗ്യം- വിദ്യാഭ്യാസം

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി



ജോയ്സി ഷാജു
മെമ്പർ
വാളാട് ഡിവിഷൻ



അബ്ദുൾ അസീസ്
മെമ്പർ
തലപ്പുഴ ഡിവിഷൻ



വിമല ബി.എം
മെമ്പർ
കാട്ടിക്കുളം ഡിവിഷൻ



ഇന്ദിര പ്രേമചന്ദ്രൻ
മെമ്പർ
തോണിച്ചാൽ ഡിവിഷൻ



അമീൻ പി.കെ
മെമ്പർ
തരുവണ ഡിവിഷൻ



ബാലൻ
മെമ്പർ
കുട്ടയാട് ഡിവിഷൻ



പി. ചന്ദ്രൻ
മെമ്പർ
തേറ്റമല ഡിവിഷൻ



രമ്യ താരേഷ്
മെമ്പർ
തൊണ്ടർനാട് ഡിവിഷൻ



രാജേഷ് കെ. കെ
സെക്രട്ടറി
ബ്ലോക്ക് പഞ്ചായത്ത്



വി.പി ബാലചന്ദ്രൻ
ആസൂത്രണ സമിതി
ഉപാദ്ധ്യക്ഷൻ

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ



പി.വി.ബാലകൃഷ്ണൻ
തിരുനെല്ലി ഗ്രാമപഞ്ചായത്ത്



അഹമ്മദ്കുട്ടി ബ്രാൻ
എടവക ഗ്രാമപഞ്ചായത്ത്



എൽസി ജോയി
തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്



സുധി രാധാകൃഷ്ണൻ
വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്



അംബിക ഷാജി
തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

ആമുഖം

അഭിമാനകരമായ ജനകീയാസൂത്രണ പ്രസ്ഥാനം 29 വർഷം പിന്നിട്ടിരിക്കുന്നു. 14-ാം പഞ്ചവൽസര പദ്ധതിയുടെ നാലാം വാർഷിക പദ്ധതി (2025-26) ജില്ലാ പ്ലാനിംങ് കമ്മറ്റിയ്ക്ക് സമർപ്പിക്കുവാൻ തയ്യാറായിക്കഴിഞ്ഞു.. നവീനമായ കാഴ്ചപ്പാടും നയസമീപനങ്ങളും മുന്നോട്ട് വെയ്ക്കുന്ന മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അധികാരത്തിൽ വന്നതിന് ശേഷം രൂപീകരിച്ച നാലാമത്തെ വാർഷിക പദ്ധതി പൂർത്തീകരണത്തിലേക്ക് എത്തുന്നു. 2021-22, 2022-23, 2023-24 , 2024-25 വാർഷിക പദ്ധതികളിൽ വിഭാവനം ചെയ്തതിലും അപ്പുറം ഒരു ജനകീയ വികസന ബദൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കി ജനമനസ്സുകളിൽ ഇടം നേടാൻ കുറഞ്ഞകാലം കൊണ്ട് ഞങ്ങൾക്ക് സാധിച്ചുവെന്നതിൽ അഭിമാനമുണ്ട്.

ഭരണസമിതിയുടെ കഴിഞ്ഞ വർഷങ്ങളിൽ ഓരോ പ്രോഗ്രസ്സ് റിപ്പോർട്ട് ഞങ്ങൾ ജനസമക്ഷം അവതരിപ്പിച്ചിരുന്നു. കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും ചെയ്ത കാര്യങ്ങളെ സംബന്ധിച്ച് ആ റിപ്പോർട്ടുകളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

2025 ഫെബ്രുവരി 7 ന് കേരള ധനകാര്യമന്ത്രി ശ്രീ.കെ.എൻ.ബാലഗോപാൽ അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ച പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ജി.പി.ജി, കേന്ദ്രാവിഷ്കൃത പദ്ധതികൾ, മറ്റിതര വരുമാനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുള്ള ബഡ്ജറ്റാണ് അവതരിപ്പിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന തിരുനെല്ലി, വെള്ളമുണ്ട, തൊണ്ടർനാട്, എടവക, തവിഞ്ഞാൽ എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ജനങ്ങളുടെ ക്ഷേമവും നാടിന്റെ വികസനവും ഗോത്രജനതയുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും ഉന്നമനവും ലക്ഷ്യമിട്ട പദ്ധതികളാണ് മുന്നോട്ടുവെയ്ക്കുന്നത്. 2023 മുതൽ ആസ്പിരേഷണൽ ബ്ലോക്കായി മാനന്തവാടി ബ്ലോക്കിനെ തെരഞ്ഞെടുത്തിട്ടുള്ളതാണ്. അതിനു കീഴിൽ നിരവധി പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

2024 ജൂലൈ മാസത്തിൽ വയനാടിനെ പിടിച്ചുലച്ച ചൂരൽമല മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് ആദരാഞ്ജലി നേരുന്നതോടൊപ്പം, പുനരധിവാസ പ്രവർത്തനങ്ങളിൽ ബ്ലോക്കിന്റെ പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് സഹകരിക്കുവാനും കഴിഞ്ഞിട്ടുണ്ട്.മാനന്തവാടി നഗരത്തിന്റെ മുഖമായ മാറ്റുന്ന തരത്തിലുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ നവീകരിച്ച ഓഫീസ് കെട്ടിടം ഈ ഭരണ സമിതിയുടെ കാലത്തു തന്നെ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞുവെന്നത് അഭിമാനാർഹമായ കാര്യമാണ്.

വിശദമായ ബഡ്ജറ്റ് അവതരണം വൈസ് പ്രസിഡന്റും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണുമായ ശ്രീമതി. എ.കെ ജയഭാരതി ബഡ്ജറ്റ് പ്രസംഗത്തിൽ വിശദമാക്കും എന്നതിനാൽ ആമുഖം ചുരുക്കുന്നു.

സ്നേഹപൂർവ്വം
അഭിവാദനങ്ങളോടെ,
ജസ്റ്റിൻ ബേബി
പ്രസിഡണ്ട്, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

ബഡ്ജറ്റ് 2025-26

2020-ൽ അധികാരമേറ്റെടുത്ത മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അഞ്ചാം സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരണ വേളയിൽ എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എല്ലാ മേഘലകളിലുമായി ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളെല്ലാം തന്നെ മികച്ച രീതിയിൽ പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുക എന്നലക്ഷ്യത്തോട് കൂടി 10 കോടി രൂപ വായ്പ എടുത്ത് ടൗണിന്റെ ഹൃദയ ഭാഗത്ത് ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള 69 സെന്റ് സ്ഥലത്ത് ആധുനിക സൗകര്യങ്ങളോട് കൂടിയ ഓഫീസ് കം ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.പ്രവൃത്തിയുടെ നിർമ്മാണച്ചുമതല ജില്ലാ നിർമ്മിതി കേന്ദ്രത്തിനെ ഏൽപിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാകുമ്പോൾ 85 വ്യാപാര റൂമുകൾ സൃഷ്ടിക്കപ്പെടും , മാനന്തവാടി നഗരത്തിലെ ശരാശരി വാടക നിരക്ക് കൂട്ടിയാൽ തന്നെ ഒരു മാസം 12 ലക്ഷം രൂപയ്ക്കു മേൽ വാടക ഇനത്തിൽ ലഭ്യമാവും.

ബ്ലോക്ക് പഞ്ചായത്തിന്റെ പ്രധാന വിഭവ സമാഹരണം പ്ലാൻ ഫണ്ട് ,മെയിന്റനൻസ് ഗ്രാന്റ്,ജനറൽ പർപസ് ഫണ്ട് , കേന്ദ്രാവിഷ്കൃത പദ്ധതികളായ മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി ,പ്രധാന മന്ത്രി ജന വികാസ് കാര്യക്രം, മറ്റ് കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം തനത് ഫണ്ട് എന്നിവയാണ്.

2025-26 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന് *99.06* കോടി രൂപ വരവും *98.93* കോടി രൂപ ചെലവും *12.97* ലക്ഷം രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റിന്റെ വിവിധ മേഖലകൾക്കായി നീക്കി വെക്കുന്നതിന്റെ വിശദാംശങ്ങളാണ് ഇനി പറയാൻ ശ്രമിക്കുന്നത്.

1) പാർപ്പിട മേഖല

പതിനാലാം പഞ്ചവൽസര പദ്ധതിയുടെ നാലാം വർഷത്തിൽ എല്ലാവർക്കും സുരക്ഷിതവും മാന്യവുമായ ഭവനം ഉറപ്പുവരുത്തത്ത് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ കടമയാണ്. ലൈഫ്, പി.എം.എ.വൈ. പി എം ജൻമൻ എന്നിങ്ങനെയുള്ള ഭവന പദ്ധതിയാണ് ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്നത്. സുതാര്യമായി സർക്കാർ മാനദണ്ഡമനുസരിച്ച് കണ്ടെത്തിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും മുൻഗണനാടിസ്ഥാനത്തിൽ ഭവന നിർമ്മാണത്തിനുള്ള ധനസഹായം ലഭ്യമാക്കുന്നതാണ്.ആയതിനു വേണ്ടി 2 കോടി 81 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2) ആരോഗ്യമേഖല

ഈ ഭരണ സമിതിയുടെ മുൻ വർഷങ്ങളിൽ ഏറ്റവും കൂടുതൽ മുൻഗണന നൽകിയത് ആരോഗ്യമേഖലക്കാണ് , നിലവിൽ മൂന്ന് ഘടക സ്ഥാപനങ്ങളാണ് ആരോഗ്യമേഖലയിൽ ബ്ലോക്കിനു കീഴിലുള്ളത്.

1. നല്ലൂർനാട് സി എച്ച് സി
2. പേര്യ സി എച്ച് സി
3. പൊരുന്നന്നൂർ സി എച്ച് സി

മുന്ന് സി എച്ച് സി കളിലും നിലവിൽ സായാഹ്ന ഒ പി നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

നല്ലൂർനാട് സി എച്ച് സി

നല്ലൂർനാട് സി എച്ച് സി യോട് അനുബന്ധിച്ചു പ്രവർത്തിച്ചു വരുന്ന ജില്ലാ കാൻസർ സെന്റർ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. ജില്ലക്കകത്തും പുറത്തുമുള്ള രോഗികൾ ആശ്രയിക്കുന്ന ഈ സ്ഥാപനത്തെ വളരെ നല്ല രീതിയിൽ കൊണ്ടു പോകുവാൻ കഴിഞ്ഞിട്ടുണ്ട്.ഒരു മാസം എകദേശം 1500 കാൻസർ ബാധിതർ ആശ്രയിക്കുന്ന സ്ഥാപനമെന്ന നിലയിൽ നല്ലൂർനാട് ജില്ലാ കാൻസർ കെയർ സെന്ററിൽ ഏറ്റവും നൂതനവും കാര്യക്ഷമവുമായ ചികിൽസ ഉറപ്പു വരുത്താൻ ബ്ലോക്ക് പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്. ബ്ലോക്ക് പഞ്ചായത്ത്

ഫണ്ടുപയോഗിച്ച് പ്രവർത്തനമാരംഭിച്ച ഡയാലിസിസ് യൂണിറ്റ് നിലവിൽ രണ്ട് ഷിഫ്റ്റുകളിലായി 12 യൂണിറ്റ് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു.

- ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രിയുടെ സുരക്ഷയും, സംരക്ഷണവും മുൻനിർത്തി 10 ലക്ഷം രൂപ വകയിരുത്തി ചുറ്റുമതിൽ ഗേറ്റ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. ആശുപത്രിയിലേക്ക് രോഗികൾക്കും കൂട്ടിരിപ്പുകാർക്കും എത്തിച്ചേരുന്നതിനു വേണ്ടി കെ എസ് ആർ ടി സി യുമായി സഹകരിച്ച് ഗ്രാമവണ്ടി സംവിധാനം നല്ല രീതിയിൽ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

- ആസ്പിരേഷൻ ഡിസ്ട്രിക്ട് ചാലഞ്ച്ഫണ്ടിൽ ഉൾപ്പെടുത്തി 5 കോടി രൂപ ചിലവിൽ മോഡൽ കാൻസർ കെയർ സെന്റർ നിർമ്മാണം ആരംഭഘട്ടത്തിലാണ്. പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ നിർമ്മാണത്തിനുള്ള നടപടികൾ ത്വരിതഗതിയിലാണ്. വയനാട് പാക്കേജിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ 7.21 കോടി രൂപ ഉപയോഗിച്ച് സ്ഥാപിച്ച സി ടി സ്റ്റിമുലേറ്റർ പ്രവർത്തനക്ഷമമാണ് ഉടനെ തന്നെ പൊതുജന സമക്ഷം സമർപ്പിക്കുന്നതാണ്.
- സായാഹ്ന ഒ പി ഡോക്ടറുടെ വേതനത്തിന് .450000/- രൂപ വകയിരുത്തുന്നു.

- എൻ എച്ച് എം ഫണ്ടുപയോഗിച്ച് 18 ലക്ഷം രൂപ ചിലവിൽ മാമോഗ്രാം സംവിധാനം പൂർത്തീകരിച്ചിട്ടുണ്ട്. ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

- സി എസ് ആർ ഫണ്ടുപയോഗിച്ച് 32 ലക്ഷം രൂപ ചിലവിൽ ഫിസിയോതെറാപ്പി സെന്റർ പൂർത്തീകരിച്ചിട്ടുണ്ട്. ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

പേര്യ സി എച്ച് സി

- 25 ലക്ഷം രൂപ ചിലവഴിച്ചു നിർമ്മിച്ച പുതിയ ബ്ലോക്ക് പ്രവർത്തനക്ഷമമായിട്ടുണ്ട്.

ഡയാലിസിസ് രോഗികൾക്ക് സെന്ററുകളിൽ എത്തിപ്പെടാനുള്ള ബുദ്ധിമുട്ട് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പേര്യ സി എച്ച് സി യിൽ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഗ്രാമ , ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

- ബ്ലോക്ക് വിഹിതം. 10 ലക്ഷം
- പേര്യ സി എച്ച് സി മെയിന്റൻസ് 2025-26 -15 ലക്ഷം
- ഫിസിയോ തെറാപ്പി യൂണിറ്റ് ആരംഭിക്കുന്നതിന് 2025-26 - 5 ലക്ഷം.
- സായാഹ്ന ഒ പി ഡോക്ടറുടെ വേതനത്തിന് .450000/- രൂപ വകയിരുത്തുന്നു.
- ആകെ 34.5 ലക്ഷം വകയിരുത്തുന്നു.

പൊരുന്നന്നൂർ സി എച്ച് സി

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് 25 ലക്ഷം രൂപ ചിലവിൽ നിർമ്മിച്ച ലാബ് പ്രവർത്തനക്ഷമമായിട്ടുണ്ട്

- സായാഹ്ന ഒ പി ഡോക്ടറുടെ വേതനത്തിന് .450000/- രൂപ വകയിരുത്തുന്നു

കനിവ് സഞ്ചരിക്കുന്ന ആതുരാലയം

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് നൂതന പദ്ധതിയായി അവതരിപ്പിച്ച കനിവ് സഞ്ചരിക്കുന്ന ആതുരാലയം പദ്ധതിക്ക് കേരള സർക്കാരിന്റെ പ്രഥമ വയോസേവ പുരസ്കാരം ലഭിക്കുകയുണ്ടായി.പ്രസ്തുത പദ്ധതിയിൻ കീഴിൽ ഡോക്ടർ, നഴ്സ്,ഫാർമസിസ്റ്റ് എന്നിവരുടെ സേവനം, കൂടാതെ മരുന്ന് എന്നിവ ഉറപ്പു വരുത്തുന്നു.

- ഈ പദ്ധതിയിൻകീഴിൽ നിലവിൽ ഒരു മാസം മൂവായിരം രോഗികൾക്ക് സേവനം നൽകി വരുന്നുണ്ട്. 2025-26 വർഷത്തേക്ക് 29,81,000/ രൂപ വകയിരുത്തുന്നു..

കനിവ് കാൻസർ ഹോം കെയർ.

- ബ്ലോക്ക് പരിധിയിലെ കാൻസർ ബാധിതരായ ആളുകൾക്ക് സൗജന്യ നിരക്കിൽ വീട്ടു പടിക്കൽ ചികിൽസാ സൗകര്യം, ഫിസിയോ തെറാപ്പിസ്റ്റ്, കൗൺസലിംഗ് എന്നിവ ഉറപ്പു വരുത്തുന്ന പദ്ധതി.സംയുക്ത പദ്ധതി യായി ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെ മരുന്ന് വാഹന സൗകര്യം എന്നിവയും സൗജന്യ നിരക്കിൽ നൽകുന്നു പദ്ധതി അടുത്ത വർഷം മുതൽ പ്രവർത്തനക്ഷമമാകുന്നതാണ്. 55 ലക്ഷം രൂപ വകയിരുത്തുന്നു.

സെക്കണ്ടറി ഹോം കെയർ

കിടപ്പ് രോഗികൾക്ക് ആവശ്യമായ ചികിൽസാ സൗകര്യം പാലിയേറ്റീവ് കെയർ മാതൃകയിൽ നൽകുന്ന പദ്ധതി

- 2025-26 ലേക്ക് വകയിരുത്തിയ തുക. 12 ലക്ഷം.

ആയുഷ്മാൻ ഭാരത്

- ആയുഷ്മാൻ ഭാരത് പദ്ധതിയിൻ കീഴിൽ ബ്ലോക്ക് പരിധിയിലുള്ള രോഗികൾക്ക് മരുന്ന് സൗജന്യമായി എത്തിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതാണ്.

3) ക്ഷീരമേഖല

ഏറ്റവും കൂടുതൽ ജനങ്ങൾ സ്വയം തൊഴിൽ സംരംഭം എന്ന നിലയ്ക്ക് ഇടപെടുന്ന മേഖലയാണ് ക്ഷീരമേഖല. ഉൽപാദനത്തിൽ സംസ്ഥാനത്ത് രണ്ടാം സ്ഥാനത്താണ് മാനന്തവാടി ബ്ലോക്ക് തല ക്ഷീര മേഖല. അവരുടെ അധ്വാനത്തിനനുസരിച്ചുള്ള വരുമാനം പലർക്കും കിട്ടുന്നില്ല. അവർക്കൊരു കൈത്താങ്ങായി പ്രവർത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ ക്ഷീര സഹകരണ സംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് പ്രോൽസാഹന ധനസഹായം നടഷാക്കുന്നത് തുടരും കൂടാതെ ഈ ഭരണ സമിതി തുടക്കമിട്ട മൊബൈൽ വെറ്ററിനറി ക്ലിനിക്ക് പരിഷ്കരിച്ച് കൂടുതൽ കാര്യക്ഷമമായി സേവനം നൽകുന്നുണ്ട് ആയത് കൂടുതൽ കാര്യക്ഷമമായി അടുത്ത സാമ്പത്തിക വർഷത്തിലും തുടരും.ഈ ഭരണ സമിതി അധികാരമേറ്റ നാൾ മുതൽ നാളിതു വരെ 3.04 കോടി രൂപ ക്ഷീര കർഷകർക്ക് പ്രോൽസാഹന ധനസഹായം അനുവദിച്ചിട്ടുണ്ട്.

- മൊബൈൽ വെറ്ററിനറി ക്ലിനിക്ക്- 15 ലക്ഷം രൂപ
- ക്ഷീര കർഷകർക്ക് ഇൻസെന്റീവ് - 57.32 ലക്ഷം രൂപ
- ക്ഷീര കർഷകർക്ക് വെറ്ററിനറി മേഖലയിൽ മരുന്ന് വാങ്ങൽ-15 ലക്ഷം

- ആകെ-87.32 ലക്ഷം രൂപ വകയിരുത്തുന്നു.

4) കാർഷിക മേഖല

കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടാകുന്ന വിഷമതകളുടെ ആഘാതം കുറയ്ക്കുന്നതിന് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കും. കനാൽ/ ചെക്ക് ഡാം/ എന്നിവ നിർമ്മിച്ച് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കും.

നെൽകൃഷിക്കാർക്ക് കൂലി ചെലവ് കണ്ടെത്താൻ സാമ്പത്തിക സഹായം അനുവദിക്കും.

- നെൽകൃഷി കൂലി ചെലവ് സബ്സിഡി- 22.50 ലക്ഷം രൂപ
- കനാൽ/ചെക്ക് ഡാം നിർമ്മാണം- 23.91 ലക്ഷം രൂപ

- ആകെ 46.41 ലക്ഷം രൂപ വകയിരുത്തുന്നു.

5. ക്ഷേമം

ഭിന്നശേഷിക്കാരുടെയും വയോജനങ്ങളുടെയും ക്ഷേമത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള നിരവധി പ്രവർത്തനങ്ങളാണ് ബ്ലോക്ക് പഞ്ചായത്ത് നടത്തി വരുന്നത്. 2024-25 സാമ്പത്തീക വർഷത്തിൽ ഭിന്നശേഷിക്കാർക്ക്

ഇലക്ട്രിക് വീൽചെയർ അനുവദിക്കുന്നതിനായി വകയിരുത്തിയ 14 ലക്ഷം രൂപ ഉപയോഗിച്ച് വാങ്ങുന്ന ഇലക്ട്രിക് വീൽചെയർ ഉടൻ തന്നെ അർഹരായവർക്ക് കൈമാറുന്നതാണ്.

ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടു വരുവാൻ ആവശ്യമായ പരിശീലനം നൽകുന്നതിനായി മൂളിത്തോട് നിർമ്മാണം പൂർത്തിയായ ബഡ്സ് സ്കൂൾ ബ്ലോക്കിന്റെ പ്രതിബദ്ധതയ്ക്ക് മികച്ച ഉദാഹരണ മാണ്. കൂടാതെ ഭിന്നശേഷിക്കാരുടെ കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കു വാൻ വേണ്ടി ഭിന്നശേഷി കലോൽസവം ,സ്കോളർഷിപ് എന്നിവ മികച്ച പദ്ധതിക ളാണ്.

വയോജനങ്ങളുടെ ക്ഷേമം മുൻ നിർത്തി അവരുടെ മാനസീക ശാരീരിക ഉല്ലാസത്തിനായി , നവികരിച്ച ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിനു സമീപം ഹാഷിനസ് കോർണർ ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കും.

- ഹാഷിനെസ് കോർണർ -1 ലക്ഷം രൂപ
- ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളഷിപ് - 8 ലക്ഷം രൂപ
- ബഡ്സ് സ്കൂൾ കെട്ടിട പൂർത്തീകരണം, അനുബന്ധ പദ്ധതികൾ - 65 ലക്ഷം രൂപ
- അംഗൺവാടി പൂരക പോഷകാഹാരം പരിപാടി - 15 ലക്ഷം രൂപ
- ഭിന്നശേഷി കലോൽസവം - 1 ലക്ഷം രൂപ

- ആകെ - 90 ലക്ഷം രൂപ വകയിരുത്തുന്നു.

6) വിദ്യാഭ്യാസം

വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്നില്ല. അതു കൊണ്ട് സ്ഥാപന ശാക്തീകരണ പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുന്നില്ല. പകരം ഉന്നത വിദ്യാഭ്യസം നേടാൻ ആഗ്രഹിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താഴെ കാണിക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കും. കൂടാതെ തുടർ സാക്ഷരത പ്രവത്തനങ്ങളും കാര്യക്ഷമമായി നടപ്പാക്കും.

- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - 6 ലക്ഷം രൂപ
  ഈയിനത്തിൽ നിലവിലെ ഭരണസമിതി അധികാരമേറ്റ 2020-21 മുതൽ നാളിതു വരെ 62,41,775/ രൂപ ചിലവഴിച്ചു.

7) വനിതാക്ഷേമം

സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് വനിതാ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ തയ്യാറായി വരുന്ന സ്വയം സഹായ സംഘങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. വിദൂര സ്ഥലത്ത് നിന്ന് പല ആവശ്യങ്ങൾക്കായി ഇവിടേക്ക് വരുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസമൊരുക്കാൻ നിർമ്മിച്ച ഷീ ലോഡ്ജ് നടത്തിപ്പിന് വനിതാ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഈ വർഷത്തെ ബജറ്റിൽ വനിതകൾക്കായുള്ള വിപണന കേന്ദ്രത്തിന് 74.36 ലക്ഷം രൂപ വകയിരുത്തുന്നു.

- വനിതകൾക്കായുള്ള വിപണന കേന്ദ്രം - 74.36 ലക്ഷം രൂപ

8) പശ്ചാത്തല വികസനം

കേന്ദ്രാവിഷ്കൃത പദ്ധതിയായ **PMJVK** പദ്ധതിയിൽ 5 കോടി രൂപ അടുത്ത സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നുണ്ട്. ഇതിനു പുറമെ MLA / MP മാരുടെ പ്രാദേശിക ആസ്തി വികസന പദ്ധതികൾ, പ്രകൃതിക്ഷോഭ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, കോർപസ് ഫണ്ട് എന്നീ പദ്ധതികൾ മുഖേന 2 കോടി രൂപയും പ്രതീക്ഷിക്കുന്നു.

- പ്രൈം മിനിസ്റ്റേഴ്സ് ജനവികാസ് കാര്യക്രം - 5 കോടി രൂപ
- എം.എൽ.എ ഫണ്ട്/പ്രകൃതി പുനരുദ്ധാരണ പ്രവർത്തനങ്ങൾ- 2 കോടി രൂപ
- പട്ടിക വർഗ്ഗ കോളനികളിൽ നടപ്പാത - 1.3 കോടി രൂപ
- അടിസ്ഥാന വികസനം- 5.4 കോടി രൂപ
- പട്ടിക ജാതി കോളനികളിൽ നടപ്പാത - 1.3 കോടി രൂപ
- എബിപി പദ്ധതി- 5 കോടി രൂപ

- ആകെ - 20 കോടി

9) കുടിവെള്ളം ശുചിത്വം

- ബ്ലോക്ക് കാര്യാലയത്തോട് ചേർന്ന് നിർമ്മിക്കുന്ന ടേക്ക് എ ബ്രേക്ക് സമുച്ചയം പദ്ധതിക്കായി 69 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് അതിൽ 41 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- ജലജീവൻ മിഷൻ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിനാൽ കുടിവെള്ള പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്ത് കൂടുതൽ ഊന്നൽ നൽകിയിട്ടില്ല. എന്നിരുന്നാലും കുടിവെള്ള പ്രശ്നം രൂക്ഷമായ സ്ഥലങ്ങളിൽ കുടിവെള്ള പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ട് .ശുചിത്വ ബോധത്തിലൂന്നിയുള്ള പദ്ധതികളടക്കം ഈ മേഖലയിൽ ആകെ 1.03 കോടി (ഒരു കോടി മൂന്ന് ലക്ഷം) രൂപ വകയിരുത്തുന്നു..

10) തൊഴിൽ മേഖല

- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വരും വർഷത്തിൽ 1249125 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ ആസ്തി വികസനത്തിന്റെ ഭാഗമായി തൊഴുത്ത്/ആട്ടിൻകൂട് റോഡ് നവീകരണം എന്നിവയ്ക്ക് 28.81 കോടി രൂപയും 43.21 കോടി രൂപ അൺ സ്കിൽഡ് വേതനം നൽകുന്നതിനും മാറ്റിവെയ്ക്കുന്നതാണ്. റോഡ് SHG വർക്ക് ഷെഡ്, കുളം നിർമ്മാണം, അങ്കൺവാടികളുടെ നിർമ്മാണം എന്നിവ ഈ പദ്ധതിൽ ലക്ഷ്യം വെക്കുന്നു.

- അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് അവർക്ക് സ്വയം തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് സഹായം ലഭ്യമാക്കും.വിവിധ തൊഴിലുകളിൽ വിദഗ്ദ പരിശീലനം നേടി മികച്ച രീതിയിൽ തൊഴിൽ ചെയ്യാൻ അവരെ പ്രാപ്തരാക്കും.ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ബി പി എൽ കുടുംബങ്ങളിലെ യുവതീ യുവാക്കൾക്ക് നൈപുണ്യ പരിശീലനത്തിന് അസാപ്പിന്റെ സഹകരണം തുടർന്നും ലഭ്യമാക്കുന്നതാണ്.

11). കായീകം സംസ്കാരം.

ലഹരിയുമായി ബന്ധപ്പെട്ട അക്രമങ്ങളും വാർത്തകളും നിറയുന്ന ഈ കാലഘട്ടത്തിൽ യുവതലമുറയെ നേർവഴിക്കു നയിക്കാൻ കരുത്തുറ്റ ഒരു കായിക സംസ്കാരത്തിനു മാത്രമേ കഴിയുകയുള്ളൂ ബ്ലോക്ക് പഞ്ചായത്തിലെ കല്ലോടി കാഷുംകുന്നിൽ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള സ്ഥലത്ത് 29 ലക്ഷം രൂപ ചിലവഴിച്ചു നിർമ്മിക്കുന്ന മിനി ഇൻഡോർ സ്റ്റേഡിയം നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഉടൻ തന്നെ കായിക പ്രേമികൾക്ക് തുറന്നു കൊടുക്കുന്നതാണ്. ഇതിനോട് ചേർന്ന സ്ഥലത്തു തന്നെ നിർമ്മിക്കാനുദ്ദേശിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് സ്റ്റേഡിയം , സർക്കാരിൽ നിന്നും സ്ഥലത്തിന് പട്ടയം ലഭിക്കുന്നമുറയ്ക്ക് ആരംഭിക്കും. എടവക ഗ്രാമ പഞ്ചായത്തിലെ മൂളിത്തോടിൽ പൂർത്തിയാക്കിയ നീന്തൽ പരിശീലന കേന്ദ്രത്തിന്റെ അവസാന ഘട്ട മിനുക്കു പണികൾ തീർത്ത് ഉടൻ തന്നെ പ്രവർത്തനമാരംഭിക്കും.

.....

ഉപസംഹാരം.

പാർപ്പിടം,കൃഷി,ആരോഗ്യം,സാംസ്കാരികം,വിദ്യാഭ്യാസം,വനിതാക്ഷേമം,വ യോജനങ്ങളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം,കാർഷീക ക്ഷീര മേഖലകൾ,കുടിവെള്ളം,ശുചിത്വം,പശ്ചാത്തലം,തൊഴിൽ,കായീകം, സംസ്കാരം എന്നിങ്ങനെ എല്ലാ മേഖലകളെയും പരിഗണിച്ചു കൊണ്ടുള്ള ബഡ്ജറ്റാണ് പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് അവതരിഷിച്ചിട്ടുള്ളത്.ഓഫീസ് കം ഷോഷിംഗ് കോംപ്ലക്സ് നിർമ്മാണം, വനിതാ വിഷണന കേന്ദ്രം, കന്നിവ് കാൻസർ ബാധിതർക്കുള്ള കൈത്താങ്ങ്, ഹാപിനസ് കോർണർ,ബഡ്സ് സ്കൂൾ,നീന്തൽ പരിശീലന കേന്ദ്രം, ടേക്ക് എ ബ്രേക്ക് പൊതു ശൗചാലയം, പരിഷ്കരിച്ച മൊബൈൽ വെറ്റിനറി ക്ലിനിക്ക്, ബ്ലോക്ക് പഞ്ചായത്ത് സ്റ്റേഡിയം, കാർഷിക മേഖലയിലെ വിവിധ ചെക്ക് ഡാമുകൾ,കാർഷിക ക്ഷീര മേഖലകളിലെ സബ്സിഡി വിതരണം എന്നിവ ജനക്ഷേമത്തിലൂന്നിയുള്ള ശ്രദ്ധേയമായ പദ്ധതികളാണ്. സാമ്പത്തീക പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് ഇത്രയും മികച്ച ബഡ്ജറ്റ് തയ്യാറാക്കുവാൻ ഒപ്പം നിന്ന ഭരണ സമിതി അംഗങ്ങൾ,പൊതു പ്രവർത്തകർ ,പ്രവർത്തക സമിതി അംഗങ്ങൾ , ഉദ്യോഗസ്ഥ മാധ്യമ സുഹൃത്തുക്കൾ എല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ

നന്ദി രേഖപ്പെടുത്തുന്നു.

ലഭ്യമായ വിഭവത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് തയ്യാറാക്കിയിട്ടുള്ള ഈ ബഡ്ജറ്റ് നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

എ. കെ. ജയഭാരതി

വൈസ് പ്രസിഡന്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

ബഡ്ജറ്റ് 2025-26

മുൻ നീക്കിയിരിപ്പ്	2048195
വരവുകൾ	988634000
ആകെ വരവുകൾ	990682195
ആകെ ചെലവുകൾ	989384800
നീക്കിയിരിപ്പ്	1297395

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
3201002	Grants, Funds & Contributions for Specific Purposes - Other Central Government Grants - കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും--പ്രത്യേക പദ്ധതികൾക്കുള്ളത്	110,427	200,000,000	0
3202001	**Development Fund - വികസന ഫണ്ട്**	71,723,740	105,743,400	111,467,000
3202003	Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes-വികസന ഫണ്ടുംസംസ്ഥാനാവിഷ്കൃത ഫണ്ടും ഒഴികെ മറ്റ് ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	3,546,000	10,000,000	0
3207002	Contributions for Joint Venture Projects (for Centrally Sponsored Scheme) - സംയോജിത പദ്ധതികൾക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം-		15,000,000	27,800,000
320	**Total Revenue income Plan Grants**	75,864,804	794,743,400	857,267,000
BS-5-REVENUEINCOME-NONPLANGRANTS				
160	**Revenue Grants, Funds, Contributions & Compensations**			
160	**Total-Revenue Grants, Funds, Contributions & Compensations**	0	0	0
BS-6-CAPITALINCOME-LOANS				
330	**loans**			
3305001	**loans from Banks & Other Financial Institutions-**ബാങ്കുകളിൽ നിന്നും മറ്റ് ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ		0	100,000,000
330	**Total-loans**	0	0	100,000,000
BS-7Capitalincomeotherthanloans				
3202001	Development Fund - വികസന ഫണ്ട്	1,431,164	14,909,600	17,500,000
320	**Total Capital income other than loans**	1,431,164	14,909,600	17,500,000
	TOTAL INCOME	87,581,441	821,233,000	988,634,000
EXPENDITURES				
BS-8-RevenueExpenditure-Mandatoryfunctions				
210	**Establishment Expenses**			

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
2101002	Wages-കൂലി	348,743	500,000	800,000
2102001	Travelling Allowances-യാത്രാ ബത്ത	3,760	50,000	100,000
2102002	Other Benefits and Allowances-മറ്റ് ബത്തകൾ	2,420	10,000	20,000
2102003	Monthly Honorarium of Elected Representatives-ജനപ്രതിനിധികൾക്കുള്ള ഓണറേറിയം	1,195,302	1,700,000	1,700,000
2102004	Sitting Fee of Elected Representatives-ജന പ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ	43,000	400,000	300,000
2102005	Travelling Allowance of Elected Representatives-ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത	95,185	500,000	300,000
210	Total	1,688,410	3,160,000	3,220,000
220	Administrative Expenses			
2201002	Rates-	50,000	100,000	300,000
2201003	Taxes-നികുതി	177,599	25,000	50,000
2201101	Office Maintenance-ഓഫീസ് ചെലവുകൾ	403,219	800,000	500,000
2201201	Communication Expenses-വാർത്താ വിനിമയ ചെലവുകൾ	296,172	75,000	300,000
2202001	Books & Periodicals-പുസ്തകങ്ങളും ആനുകാലികങ്ങളും	0	50,000	50,000
2202101	Printing & Stationery-അച്ചടിയും സ്റ്റേഷനറിയും	25,348	50,000	60,000
2204001	Insurance and Registration-ഇന്‍ഷുറൻസ്/രജിസ്ട്രേഷൻ	14,296	50,000	70,000
2206001	Advertisement & Publicity-പരസ്യവും പ്രചരണവും	7,497	75,000	50,000
2206101	Membership & Subscriptions-മെമ്പർഷിപ്/വരിസംഖ്യ	0	20,000	50,000

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
2207001	Election Expenses-തെരഞ്ഞെടുപ്പ് ചെലവുകൾ	0	0	1,500,000
2207101	Extra - ordinary Expenses-അസാധാരണ ചെലവുകൾ	4,000	10,000	25,000
2208001	Miscellaneous Administrative Expenses-മറ്റ് ഭരണ ചെലവുകൾ	200,000	100,000	500,000
220	Total	1,178,131	1,355,000	3,455,000
230	Operations & Maintenance			
2301001	Power-വൈദ്യുതി/ഊർജം	6,011	25,000	100,000
2301002	Diesel, Petrol, Gas & Lubricants- ഡീസൽ പെട്രോൾ , ഓയിൽ , ലൂബ്രിക്കന്റ്	164,896	350,000	300,000
2303001	Consumption of Stores	0	50,000	50,000
2304001	Hire Charges-വാടക	0	50,000	50,000
2305001	Repairs & Maintenance - Infrastructure Assets - Buildings-സംരക്ഷണവും അറ്റകുറ്റപ്പണികളും-പൊതു കെട്ടിടങ്ങൾ	0	100,000	100,000
2305005	Repairs & Maintenance - Drinking Water-സംരക്ഷണവും അറ്റകുറ്റപ്പണികളും-കുടിവെള്ള പദ്ധതികൾ	88,890	0	100,000
2305009	Repairs & Maintenance - Movable Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-ജംഗമ ആസ്തികൾ	22,500	100,000	50,000
2305099	Repairs & Maintenance -Other Fixed Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-മറ്റ് സ്ഥിര ആസ്തികൾ	0	100,000	50,000
2308001	Other Operating and maintenance expenses-മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ	0	100,000	50,000
230	Total	282,297	875,000	850,000
240	Interest & Finance Charges			
2407001	Bank Charges-ബാങ്ക് ചാർജ് നൽകൽ	0	2,000	5,000
240	Total	0	2,000	5,000

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
	TOTAL STATUTORY EXPENDITURE	3,148,838	5,392,000	7,530,000
BS-9RevenueExpenditurePlan				
250	Decentralised Plan Programme - Productive Sector			
2501001	Agriculture and Related Sectors - Paddy-കൃഷിയും അനുബന്ധ മേഖലകളും - നെൽകൃഷി	2,250,000	2,250,000	3,000,000
2501008	Agriculture and Related Sectors - Watershed Management-കൃഷിയും അനുബന്ധ മേഖലകളും-നിർത്തട വികസനം	0	0	1,000,000
2501025	Agriculture and Related Sectors - Infrastructure-കൃഷിയും അനുബന്ധ മേഖലകളും	0	0	2,500,000
2501039	Animal Husbandry -Infrastructure-മൃഗസംരക്ഷണം-പശ്ചാത്തല സൌകര്യങ്ങൾ	1,207,735	0	1,500,000
2501040	Animal Husbandry -Disease Control-മൃഗ സംരക്ഷണം-രോഗ നിയന്ത്രണം	588,685	0	1,000,000
2501042	Animal Husbandry -Marketing-മൃഗ സംരക്ഷണം-വിപണനം	0	2,000,000	500,000
2501046	Dairy Development -Storage and Marketing-ക്ഷീര വികസനം-സംഭരണവും വിപണനവും	5,475,598	6,000,000	7,000,000
2502001	Soil and Water Conservation - മണ്ണ് ജല സംരക്ഷണം	235,563	0	500,000
2503001	Small scale industries and Micro enterprises- ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരംഭങ്ങളും	200,000	0	500,000
2503015	Service Enterprises-സേവന സംരംഭങ്ങൾ	521,319	0	500,000
250	Total-Decentralised Plan Programme - Productive Sector	10,478,900	10,250,000	18,000,000
251	Decentralised Plan Programme - Service Sector			
2511006	SSA & Other Educational Programs-സർവ ശിക്ഷ അഭിയാനും മറ്റ് വിദ്യാഭ്യാസ പരിപാടികളും	0	300,000	500,000
2511007	Sports-സ്പോർട്സ്	0	0	100,000
2511008	Youth Welfare-യുവജനക്ഷേമം	150,000	150,000	200,000

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
2511010	Arts and Culture-കല-സംസ്കാരം	412,500	240,400	100,000
2511013	Education-Related Activities-വിദ്യാഭ്യാസ -അനുബന്ധ പ്രവർത്തനങ്ങൾ	1,180,000	0	0
2511014	Financial Assistance for SC/ST Students For Higher Education Admission-പട്ടിക ജാതി പട്ടിക വർഗ വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു ധന സഹായം	0	1,400,000	0
2512001	PHC, CHC &Other Hospitals/Dispensaries-ഹെൽത്ത് സെന്ററുകള് /ആസ്പത്രികള് /ഡിസ്പന്സറികൾ	5,914,261	6,900,000	7,000,000
2512002	Public Health Programs -പൊതു ആരോഗ്യ പരിപാടികൾ	249,367	0	0
2512003	Health related Special Programs -പ്രത്യേക ആരോഗ്യ പരിപാടി	983,934	0	1,000,000
2512004	Medicines-മരുന്നുകൾ	1,552,295	1,000,000	0
2512007	Other Programs in Health Sector-മറ്റ് ആരോഗ്യ പദ്ധതികൾ	1,637,730	0	3,000,000
2512008	Drinking Water-കുടിവെള്ളം	0	0	2,000,000
2512009	Sanitation-ശുചിത്വം	0	1,000,000	3,000,000
2513001	Housing-ഭവന നിർമാണം	34,828,880	32,460,600	65,154,800
2513005	Programs for the Aged-വൃദ്ധക്ഷേമ പരിപാടികൾ	565,842	0	4,500,000
2513006	Programs for Physically/ Mentally Challenged-ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ	1,900,000	5,400,000	3,000,000
2513008	Total Poverty Alleviation Programs-ദാരിദ്ര്യ ലഘൂകരണ പരിപാടികൾ	0	450,000,000	700,000,000
2513009	Women's Welfare Programs-വനിതാ ക്ഷേമ പരിപാടി	0	400,000	8,000,000
2513010	Special Programs for Scheduled Castes-പട്ടിക ജാതി ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ	0	0	2,000,000

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
2513011	Special Programs for Scheduled Tribes -പട്ടിക വർഗ ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ	0	0	4,000,000
2513012	Other Social Security Programs-മറ്റ് സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ	1,036,815	0	0
2513014	Housing & House Electrification - Construction/Purchase by Local Government-	0	29,000,000	5,000,000
2514002	Special Child Welfare Program-പ്രത്യേക ശിശുക്ഷേമ പരിപാടികൾ	0	0	4,500,000
2514101	Anganwadi Nutrition-അംഗൻവാടി പോഷകാഹാര പരി പാടി	0	1,500,000	0
2516005	General Economic Services- Plan Formulation, Monitoring and Evaluation-പദ്ധതി രൂപീകരണം ,മോണിറ്ററിംഗ്	779,290	250,000	500,000
2516006	General Economic Services- Good Governance -സൽ ഭരണം	0	150,000	100,000
2516007	General Economic Services- Computerisation of LSGIs and Transferred Institutions-തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഘടക സ്ഥാപനങ്ങളുടെയും	499,900	150,000	500,000
2516008	General Economic Services- Other Plan Expenditure-മറ്റ് പ്ലാൻ ചെലവുകൾ	56,893	0	200,000
2516101	Vocational Capacity Building - Vocational Training-തൊഴിൽ നൈപുണ്യ വികസനം - തൊഴിൽ പരിശീലനം	0	0	500,000
2516102	Vocational Capacity Building - Institutional Development-തൊഴിൽ നൈപുണ്യ വികസനം -സ്ഥാപനങ്ങളുടെ വികസനം	0	0	200,000
251	Total-Decentralised Plan Programme - Service Sector	51,747,707	530,301,000	815,054,800
252	Decentralised Plan Programme - Infrastructure Sector			
2522001	Roads-റോഡുകൾ	4,800,000	23,119,400	8,000,000
2522002	Lanes -ലയിനുകൾ	0	0	1,000,000
2522004	Culverts and Causeways -കലുങ്കുകളും ചപ്പാത്തുകളും	0	500,000	1,000,000
2522005	Foot Bridges-നടപ്പാലങ്ങൾ	0	1,800,000	1,000,000

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
2522012	Other Programs in Infrastructure Sector-പശ്ചാത്തല മേഖലയിലെ മറ്റ് പ്രവർത്തനങ്ങൾ	0	10,000,000	1,000,000
2523001	Public Buildings- പൊതു കെട്ടിടങ്ങൾ	303,520	2,000,000	1,500,000
2523002	Public Buildings - Other Buildings-പൊതു കെട്ടിടങ്ങള് -മറ്റ് കെട്ടിടങ്ങൾ	0	2,500,000	0
2523102	Other Constructions - Side Walls-മറ്റ് നിർമിതികള് -പാർശ്വ ഭിത്തി	0	0	1,000,000
2523103	Other Constructions - Farm Road-മറ്റ് നിർമിതികള് -ഫാം റോഡ്	0	200,000,000	0
252	Total	5,103,520	239,919,400	14,500,000
253	Projects not included in Sector Division			
2531001	Drinking Water related Projects-കുടിവെള്ളം-അനുബന്ധ പ്രൊജക്ടുകൾ	5,284,769	3,377,000	4,000,000
2531012	Payments to IKM-ഐ.കെ.എംനുള്ള പണം നൽകൽ	1,622,454	100,000	300,000
253	Total-Projects not included in Sector Division	6,907,223	3,477,000	4,300,000
255	Maintenance Projects			
2551001	Maintenance Projects - Road Assets-റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ	1,140,501	0	0
2552005	Maintenance Projects - Non Road Assets- Transferred Institutions - Social Welfare-റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ സാമൂഹ്യ ക്ഷേമം	2,533,753	0	0
2552006	Maintenance Projects - Non Road Assets- Transferred Institutions -Allopathy (Hospitals/Dispensaries) റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -ആശുപത്രി/ഡിസ്പന്സറി -അലോപ്പതി	1,994,092	0	0
2552011	Maintenance Projects - Non Road Assets- Transferred Institutions - General Education-റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -പൊതു വിദ്യാഭ്യാസം	0	0	2,000,000
2552013	Maintenance Projects - Non Road Assets- Transferred Institutions - Development of Scheduled Castes--റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -	0	0	2,500,000

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
2552014	Maintenance Projects - Non Road Assets- Transferred Institutions - Development of Scheduled Tribes--റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -പട്ടിക വർഗ വികസനം	0	0	2,500,000
2552016	Maintenance Projects - Non Road Assets- Transferred Institutions - Others--റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -മറ്റ് ഘടക സ്ഥാപനങ്ങൾ	0	0	1,000,000
2552017	Maintenance Projects - Non Road Assets- Other Transferred Assets--റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -മറ്റ് ആസ്തികൾ	0	10,796,000	3,000,000
255	Total	5,668,346	10,796,000	11,000,000
256	Other Revenue Grants and funds			
256	Other Revenue Grants and funds	0	0	0
260	Grants, Contributions and Compensations from Own Fund			
2601001	Grants, Contributions and Compensations from Own Fund- Grants	2,300,000	5,500,000	1,500,000
260	Grants, Contributions and Compensations from Own Fund	2,300,000	5,500,000	1,500,000
BS12CAPITALEXPENDITUREOTHERTHANLOANS				
4101001	Land		6,000,000	0
4102001	Buildings	98,681	0	100,000,000
4103001	Roads		0	10,000,000
4104001	Drinking Water - Sources (Open Wells, Bore Wells, Tube Wells, Tanks etc.)	496,704	0	7,500,000
4107001	Waste Treatment		6,909,600	0
4107101	Movable Assets	835,779	2,000,000	0
4108001	Other Fixed Assets	2,617,399	0	0

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26
410	Total	4,048,563	14,909,600	117,500,000
	TOTAL PLAN REVENUE EXPENDTURE	82,205,696	800,243,400	864,354,800
	TOTAL PLAN CAPITAL EXPENDITURE	4,048,563	14,909,600	117,500,000
TOTALPLANEXPENDITURE		86,254,259	815,153,000	981,854,800
BS-10-RevenueExpenditure-BFUND&STATESPONSOREDSCHEMES				
254	Expenditures of Transferred Institutions (not included under Decentralised Plan			
254	Total-Expenditures of Transferred Institutions (not included under	0	0	0
BS-11CAPITALEXPENDITURE-LOANREPAYMENTS				
330	Loans			
	Total-loans	0	0	0
	TOTAL EXPENDITURE	89,403,097	820,545,000	989,384,800
	CLOSING BALANCE	1,360,195	2,048,195	1,297,395

Code	Budget Head	Actuals for the year 2023-24	Revised Budget for the year 2024-25	Budget for the year 2025-26

BS-13- RECEIPT AND REFUND OF DEPOSIT (ഡപോസിറ്റ് വരവും,മടക്കിനല്കലും)

DETAILED HEAD CODE	PARTICULARS(ഇനവിവരം)	Budget Estimates 2025-26 (ബജറ്റ്-2025-26) വരവ്	Budget Estimates 2025-26 (ബജറ്റ്-2025-26) മടക്കി നൽകൽ
340 10 01	Earnest Money Deposit-നിരതദ്രവ്യം	300,000	300,000
340 10 02	Security Deposit-സെക്യൂരിറ്റി നിക്ഷേപം	200,000	200,000
340 10 03	Retention-റിടെന്ഷൻ	500,000	500,000
340 10 99	Other Deposits-മറ്റ് നിക്ഷേപങ്ങൾ	50,000	50,000
340 20 01	Deposits-Revenue-റവന്യൂ നിക്ഷേപങ്ങൾ	0	0
340 30 01	Deposits Received From Staff-ജീവനക്കാരിൽ നിന്നുള്ള നിക്ഷേപങ്ങൾ	0	0
340 80 01	Deposit Received from Others-മറ്റുള്ളവരിൽ നിന്നുള്ള നിക്ഷേപങ്ങൾ	0	0
350 11 01	Employee Liabilities –ജീവനക്കാർക്ക് നൽകാനുള്ള സംഖ്യ	0	0
350 20 01	Recoveries Payable -റിക്കവറികൾ അടവാക്കനുള്ളത്	0	0
350 20 02	Recoveries Payable - Deductions FROM WORK BILLS-വർക്ക് ബില്ലിൽ നിന്നുള്ള റിക്കവറികൾ അടവാക്കനുള്ളത്	100,000	100,000
350 30 01	Government and Other Dues Payable-സർക്കാരിലേക്ക് അടവാക്കാനുള്ള മറ്റ് കുടിശികകൾ	50,000	50,000
110	Total ആകെ	1,200,000	1,200,000